بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*17 February 2012 ~* ഫെബ്രുവരി 17,2012 *(24 Rabi'ul Awwal 1433 Hijri)*

**ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)**

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ലോകമെമ്പാടുമുള്ള മുസ്ലിംകളെ പൊതുവിലും, തന്റെ അനുയായികളെ പ്രത്യേകിച്ചും, സമാധാനത്തിന്റെ അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് ഹസ്രത്ത് മുഹ്യിദ്ദീൻ തശ്ഹദും,തഅവ്വസും, സൂറഫാത്വിഹായും ഓതിയതിനു ശേഷം തുടർന്നു.

വി.ഖുർ ആൻ അധ്യായം 40–ാം അധ്യായം 15–ാം വചനമായ

فَادْعُوا اللَّهَ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ ۝

അതിനാൽ അല്ലാഹുവിന് ആത്മാർത്ഥമായ കീഴ്വണക്കം അർപ്പിച്ചു കൊണ്ട് അവനെ വിളിച്ചു പ്രാർത്ഥിക്കുക.അവിശ്വാസികൾ വെറുത്താലും ശരി.(40:15)

ദ അ്‌വയുടെ സവിശേഷതകളെയും, രീതികളെയും വി ഖുർ ആന്റെയും, തിരുസുന്നത്തിന്റെയും, അടിസ്ഥാനത്തിൽ വ്യക്തമാക്കുന്ന ഒന്നാണ്.

### 1. അല്ലാഹുവിനോടുള്ള ആത്മാർത്ഥത:

ദാഈ–ഇലല്ലാഹ് എന്ന നിലയിൽ നാം സ്വായത്തമാക്കേണ്ട ഒന്നാമത്തെ സവിശേഷഗുണം അല്ലാഹുവിലുള്ള അടിയുറച്ച ആത്മാർത്ഥത(ഇഖ്‌ലാസ്) ആണ്. സഹജീവികളിൽ നിന്നുള്ള പ്രശംസയോ, അവരുടെയിടയിൽ ആളാകാനോ ലക്ഷ്യമിട്ടല്ലാതെ അല്ലാഹുവിന്റെ തൃപ്തിയെ മാത്രം ലക്ഷ്യമിട്ടുകൊണ്ട് ഓരോ കാര്യങ്ങൾ ചെയ്യുന്നത്. നാം ചെയ്യുന്ന ഓരോ പ്രവർത്തിയും, ഓരോ ദഅ്‌വയും അല്ലാഹുവിന്റെ തൃപ്തിയെ മാത്രം മുന്നിൽ കണ്ടു കൊണ്ടുള്ളതാവണം. ഇങ്ങനെയുള്ള ഓരോ ലക്ഷ്യവും നമ്മുടെ ഉള്ളിന്റെ ഉള്ളിൽ നിന്നുണരേണ്ടതും പൂർണ്ണമായും അല്ലാഹുവിനെ മാത്രം ലാക്കാക്കിയുള്ളതും ആയിരിക്കേണ്ടതാണ്. മറ്റുള്ളവരുടെ പ്രശംസനേടുന്നതിനു വേണ്ടി മാത്രം ലക്ഷ്യമിട്ടിട്ടുള്ള അഹംഭാവത്തിൽ നിന്നും, കുതന്ത്രങ്ങളിൽ നിന്നും നാം ഒഴിഞ്ഞു നില്ക്കേണ്ടതാണ്. ആത്യന്തികവിജയം കൈവരിക്കുവാനായി അല്ലാഹുവിന്റെ തൃപ്തി നേടുന്നതിൽ നാം ബദ്ധശ്രദ്ധരാകണം. നാം ചെയ്യുന്ന ഓരോ കാര്യവും, നാം ചിന്തിക്കുകയോ, പറയുകയോ ചെയ്യുന്നവ പോലും, നമ്മുടെ സ്രഷ്ടാവിന്റെ തൃപ്തിയെ മാത്രം ലക്ഷ്യമിട്ടുള്ളതാകണം. ഖുർ ആനിലെ ഒന്നിലേറെ വചനങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നത് അല്ലാഹുവാണ് എല്ലാറ്റിന്റെയും ആത്യന്തിക ലക്ഷ്യസ്ഥാനം എന്നു തന്നെയാണ്.

### 2. അല്ലാഹുവിനോടുള്ള കൃതജ്ഞത:

അല്ലാഹുവിനോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കുവാനുള്ള ഒരു മാർഗ്ഗമായി, മറ്റുള്ളവരെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്ന കാര്യത്തിൽ നാം നമ്മുടെ കഴിവിന്റെ പരമാവധിയും ഉപയോഗപ്പെടുത്തണം. എന്നതാണ് ഒരു ദാഈ–ഇലല്ലാഹ് എന്ന നിലയിൽ നാം ചെയ്യേണ്ടത്. അല്ലാഹു നമുക്ക് അനുഗ്രഹിച്ച് ഔദാര്യമായി നല്കിയ ഭാഗ്യങ്ങൾക്കൊക്കെ നന്ദിയും കൃതജ്ഞതയും പ്രകാശിപ്പിക്കുന്നതിലേക്കായി നാം അവനെ അങ്ങേയറ്റം ഭക്ത്യാദരവുകളോടെ ആരാധിക്കണം. നമ്മെ ഏവരെയും മുസ്ലിംകളാക്കുകയും, അതിലുപരി ദഅ്‌വ ചെയ്യുവാനായി നമുക്ക് മാർഗദർശനം നല്കുകയും ചെയ്തതിൽ നാമവനോട് കടപ്പെട്ടവരായിരിക്കണം. അല്ലാഹുവിനോട് സദാ കൃതജ്ഞതയുള്ളവരായി നിലകൊള്ളുന്നത് വാസ്തവത്തിൽ നമ്മുടെ തന്നെ നേട്ടത്തിനു തന്നയാണ്. അല്ലാഹുവിനോടുള്ള നന്ദി പ്രകാശിപ്പിക്കുവാനുള്ള ഒരു വഴി അവന്റെ സൃഷ്ടികളായ– നമ്മുടെ സഹജീവികളോട് കൃതജ്ഞതയുള്ളവരായിരിക്കുക എന്നതാണ്. ഏതെങ്കിലും രീതിയിലുള്ള സഹായം ചെയ്തു തന്ന ഏതൊരു വ്യക്തിയോടും നാം നന്ദി പ്രകാശിപ്പിക്കേണ്ടതാണ്. മുഹമ്മദ് നബി(സ) അരുളിയതായി തിർമിദി, അബൂ ദാവൂദ് എന്നിവരുടെ റിപ്പോർട്ടുകളിൽ ഇപ്രകാരം കാണുന്നു. ''ആളുകൾക്ക് നന്ദി പ്രകാശിപ്പിക്കാത്തവർ അല്ലാഹുവിനോട് നന്ദി പ്രകാശിപ്പിക്കുന്നില്ല''.

നമ്മുടെ റബ്ബിനോട് നമുക്കുള്ള ആത്മാർത്ഥമായ കൃതജ്ഞത പ്രകാശിപ്പിക്കുവാനായി നാം ദഅ്വ ചെയ്യുന്ന തോടൊപ്പം തന്നെ കൂടുതൽ കൂടുതൽ നന്മകൾ ചെയ്യേണ്ടതാണ്. അവൻ നമുക്ക് കനിഞ്ഞു നല്കിയ അനുഗ്രഹങ്ങളെ നാം സദാ സമ്രിക്കുകയും. കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കണം. അവൻ നമ്മെ ദാഈ–ഇലല്ലാഹ് ആക്കി എന്നതു തന്നെ അവന്റെ ഒരു മഹത്തായ അനുഗ്രഹമാണ്. ഇസ്ലാമിനെപ്പറ്റി മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കുവാനുള്ള അവസരം പ്രദാനം ചെയ്തുതന്നതുൾപ്പെടെയുള്ള എല്ലാ കാര്യങ്ങൾക്കും നാം അവനോട് കൃതജ്ഞയുള്ളവരായിരിക്കണം. ഇതരമതവിഭാഗങ്ങളിലുള്ളവരെ, നമുക്ക് ജീവനും ജീവിതവും,പ്രദാനം ചെയ്തു തന്ന, മരണവും, പുനരുദ്ധാരണവും പ്രദാനം ചെയ്യുന്ന അല്ലാഹുവിനോട് (22:67) നന്ദിയും,കൃതജ്ഞതയും, ഉള്ളവരായിരിക്കേണ്ടതിന്റെ ആവശ്യകതെപ്പറ്റി ബോധവാന്മാരാക്കേണ്ടതാണ്. അവനാണ് നമ്മുടെ നിലനിൽപ്പിനാവശ്യമായ നല്ല കാര്യങ്ങൾ നല്കുന്നത്. (2:173) . അങ്ങനെ അല്ലാഹു നല്കിയിരിക്കുന്ന എല്ലാ അനുഗ്രഹങ്ങളെപ്പറ്റിയും നാം ബോധവാന്മാരായിരിക്കണം. അവനെ മാത്രം ആരാധിക്കുക വഴി അവനോട് അവർ കടപ്പാടുള്ളവരായിരിക്കണം. നിശ്ചയമായും, ആരാധനയ്ക്കർഹൻ അല്ലാഹു മാത്രമാണ്. കുതന്ത്രം പ്രയോഗിക്കുന്നവരെയും നന്ദിയില്ലാത്തവരെയും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. (2:277) അല്ലാഹുവിനോട് നന്ദി പ്രകാശിപ്പിക്കാത്ത സാത്താന്മാരെ അവർ പിന്തുടരുന്നതല്ല.(17:28)

## 3. അല്ലാഹുവിനോടുള്ള സ്നേഹവും ഭക്തിയും:

അത്യുന്നതനായ അല്ലാഹുവിനെ സ്നേഹിക്കുകയും അവനോടു മാത്രം ഭക്ത്യാദരവുകൾ പ്രകാശിപ്പിക്കുകയും ചെയ്യണം. അങ്ങനെയാവുമ്പോൾ, അവൻ നമ്മെ സ്നേഹിക്കും. അങ്ങനെ അവന്റെ സ്നേഹവും, കൃപയും ലഭ്യമാകുമ്പോൾ മാത്രമേ ഇസ്ലാമിന്റെ സന്ദേശം മറ്റുള്ളവർക്കു പകർന്നു നല്കുന്ന ദൗത്യത്തിൽ നാം വിജയശ്രീലാളിതരാവുകയുള്ളൂ. നമ്മുടെ ദഅ്വ പ്രവൃത്തികളിൽ നാം വിജയം കൈവരിക്കുന്നതിനും, അനുഗ്രഹങ്ങൾ നേടുന്നതിനും അല്ലാഹുവിന്റെ സഹായം ലഭിക്കണമെങ്കിൽ നാം നിരന്തര ജാഗ്രതയോടെ ഭക്തി പുലർത്തുന്ന ദാസരായി വർത്തിക്കണം. നാം ദഅ്വ നടത്തുന്ന ഇതര മതസ്ഥരെ യഥാർത്ഥ സത്യം മനസ്സിലാക്കികൊടുക്കണമെന്ന് നാം സദാ ആത്മാർത്ഥ ഹൃദയത്തോടെ അവനോട് കേഴണം. നിശ്ചമായും, ജനങ്ങളെ ഇസ്ലാമിലേക്കു നയിക്കുന്നത് അല്ലാഹുവാണ്. ഇതരമതസ്ഥർക്ക് ഇസ്ലാമിനെപ്പറ്റി നാമെത്ര വിശദമാക്കികൊടുക്കുവാൻ ശ്രമിച്ചാലും, അല്ലാഹു ഉദ്ദേശിച്ചെങ്കിലല്ലാതെ–അവരുടെ ഹൃദയങ്ങളെ വിശാലമാക്കിയെങ്കിലല്ലാതെ–ആ പരമസത്യം അവർ ഉൾകൊള്ളുയില്ല.

വഴികാട്ടുവാനായി അല്ലാഹുവിന്റെ സ്നേഹം എങ്ങനെ കരഗതമാക്കാമെന്ന് നാമറിയണം. അല്ലാഹുവിനോടുള്ള നമ്മുടെ സ്നേഹവും ആദരവും പ്രകടിപ്പിക്കുന്നത് നമുക്ക് നിർബന്ധമാക്കിയിരിക്കുന്ന(ഫർള്) കർമ്മങ്ങൾ നിർവഹിക്കുക വഴി മാത്രമല്ല മറിച്ച് സുന്നത്ത് ആയുള്ള കർമ്മങ്ങൾ നിർവ്വഹിക്കുക വഴി കൂടിയാണ്. ഈ രണ്ടാമത് പറഞ്ഞതിൽ ഏറ്റവും പ്രധാനപ്പെട്ടത് തഹജുദ് നമസ്കാരം ആണ്. അല്ലാഹു തന്റെ ദൂതനോട് തഹജ്ജദ് നമസ്കരിക്കുവാൻ ആജ്ഞാപിച്ചു. നിശ്ചയമായും, അവന്റെ സ്നേഹഭാജനവും ഭക്തദാസനുമായ തിരുനബി(സ) താമസം വിനാ തഹജുദ് നമസ്കാരങ്ങൾ നിർവ്വഹിക്കുന്നത് ശീലമാക്കി. അത് അദ്ദേഹത്തിന്റെ ആത്മീയ ഉയർച്ചക്ക് ആക്കം കൂട്ടുകയുമുണ്ടായി. അങ്ങനെ തഹജുദ് നമസ്കാര നിർവ്വഹണം നബിചര്യയായി മാറി തഹജുദ് നമസ്കാര നിർവ്വഹണം വി ഖുർ ആൻ  പ്രോത്സാഹിപ്പിക്കുന്ന ഒന്നാണ്. പക്ഷെ നിർബന്ധ കർമ്മങ്ങളുടെ ഭാഗമാക്കിയിട്ടില്ല.

വി.ഖുർ ആൻ അധ്യായം 73ൽ 1 മുതൽ 10 വരെയുള്ള വചനങ്ങൾ–

പരമകാരുണികനും,കരണാമയനുമായ അല്ലാഹുവിന്റെ നാമത്തിൽ (ഉത്തരവാദിത്തങ്ങളാൽ) ആവരണം ചെയ്യപ്പെട്ടവനേ, രാത്രി എഴുന്നേറ്റു നമസ്കരിക്കുക.(അതിൽ നിന്നുള്ള) കുറഞ്ഞ സമയമൊഴിച്ച് അതായത് അതിന്റെ (രാവിന്റെ) പകുതി സമയം. അല്ലെങ്കിൽ അതിൽ നിന്ന് (പകുതിയിൽ നിന്ന്) അലപം കുറക്കുക. അല്ലെങ്കിൽ അതിനേക്കാൾ (അല്പസമയം) കൂടുതലാക്കുക.  ഖുർ ആൻ ഭംഗിയായി ഓതുക. ഭാരിച്ച (ഉത്തരവാദമുൾക്കൊള്ളുന്ന) ഒരു വചനം നാം നിന്നെ ഏല്പ്പിക്കാൻ പോവുകയാണ്. നിശാവേളയിൽ എഴുന്നേറ്റ് നമസ്കരിക്കുന്നത് തീർച്ചയായും ആത്മനിയന്ത്രണം കൈവരുത്തുന്നതിന് ഏറ്റവും ശക്തമായ മാർഗ്ഗവും വാക്കുകൾ ചൊവ്വാക്കുന്നതിന് കൂടുതൽ സഹായകവുമാവുന്നു. പകൽവേളയിൽ നിനക്ക് സുദീർഘമായ പ്രവർത്തന പരിപാടികളുണ്ട്. നിന്റെ നാഥന്റെ നാമം സ്മരിക്കുക. അവന്റെ നേരെ എല്ലാ ശ്രദ്ധയും കേന്ദ്രീകരിച്ചു കൊണ്ട് അവനിൽ പൂർണ്ണമായ ആത്മാർപ്പണം ചെയ്യുക. ഉദയസ്ഥാനത്തിന്റെയും അസ്തമയസ്ഥാനത്തിന്റെയും നാഥനാണവൻ. (പൂർവ്വ പശ്ചിമദിക്കുകളുടെ നാഥൻ) അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല തന്നെ. അതിനാൽ അവനെത്തന്നെ നീ രക്ഷകർത്താവായി സ്വീകരിക്കുക.

## വി.ഖുർ ആൻ 73-ാം അധ്യായം 21-ാം വചനം

നീയും നിന്നോടൊപ്പമുള്ളവരിൽ ഒരു സംഘവും രാവിന്റെ ഏകദേശം മൂന്നിൽ രണ്ട് ഭാഗമോ രാവിന്റെ പകുതിയോ അല്ലെങ്കിൽ രാവിന്റെ മൂന്നിലൊരു ഭാഗമോ എഴുന്നേറ്റ് നമസ്കരിക്കുന്നുണ്ടെന്ന് നിന്റെ നാഥൻ അറിയുന്നുണ്ട്. ദിനരാത്രങ്ങൾ നിർണ്ണയിക്കുന്നത് അല്ലാഹുവാണ്.നിങ്ങൾക്കതിന്റെ അളവ് കൃത്യമായി കണക്കാക്കാൻ സാധ്യമല്ലെന്ന് അവനറിയാം. അതുകൊണ് ട് അവൻ നിങ്ങളോട് കനിഞ്ഞിരിക്കുന്നു. അതിനാൽ നിങ്ങൾ ഖുർ ആനിൽ നിന്ന് സൗകര്യപ്പെട്ടത് ഓതുക.നിങ്ങളിൽ ചില രോഗികൾ ഉണ്ടാവുമെന്ന് അവനറിയാം. മറ്റുചിലർ അല്ലാഹുവിന്റെ അനുഗ്രഹത്തിൽ നിന്ന് ഉപജീവനം അന്വേഷിച്ചു കൊണ്ട് യാത്ര ചെയ്യുന്നവരും, വേറെ ചിലർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നവരും ഉണ്ടാകുമെന്നും (അവനറിയാം). അതുകൊണ്ട് ഖുർ ആനിൽ നിന്ന് സൗകര്യപ്പെട്ടത് നിങ്ങൾ ഓതുക. നമസ്കാരം നിലനിർത്തുകയും, സക്കാത്ത് കൊടുക്കുകയും, അല്ലാഹുവിന് നിങ്ങൾ നല്ല നിലയിൽ കടം കൊടുക്കുകയും ചെയ്യുക. നിങ്ങൾ സ്വന്തം ആത്മാക്കൾക്കു വേണ്ടി മുൻകൂട്ടി ചെയ്തു വെക്കുന്ന ഏതൊരു നന്മയും ഏറ്റവും ഉത്തമവും മഹത്തായ പ്രതിഫലത്തോടു കൂടിയതുമായി അല്ലാഹുവിന്റെ സവിധത്തിൽ നിങ്ങൾ കണ്ടെത്തും. നിങ്ങൾ അല്ലാഹുവിനോട് പാപമോചനം തേടുക. തീർച്ചയായും അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമാകുന്നു. ഖിയാമുല്ലൈൽ(തഹ്ജുദ്) നമ്മുടെ ചര്യയുടെ ഭാഗമാക്കി മാറ്റുന്നതോടെ, നാമോരോരുത്തരും ഭക്തരായി മാറുന്നു. ഇങ്ങനെ നമ്മളിലുവാകുന്ന ഭക്തി നമ്മെ അല്പം കൂടി മെച്ചപ്പെട്ട ആത്മീയനിലവാരമുള്ള മുസ്ലിംകളായി മാറുവാൻ സഹായകമായി വർത്തിക്കുന്ന സവിശേഷഘടകമാണ്. അങ്ങനെ ഭക്തരായി മാറുന്ന മുറയ്ക്ക്, നമുക്ക് അല്ലാഹുവിന്റെ സ്നേഹം കരഗതമാകുന്നു. അങ്ങനെയുള്ള അവസ്ഥ സംജാതമാകുന്നതിനനുസരിച്ച്, അല്ലാഹു നമ്മെ, ഇതര മതസ്ഥരുൾപ്പെടെയുള്ളവർ ആദരിക്കുകയും, ഇഷ്ടപ്പെടുകയും ചെയ്യുന്ന തരത്തിലുള്ള മഹദ് വ്യക്തിത്വങ്ങൾക്കുടമകളാക്കി മാറ്റി അനുഗ്രഹിക്കും. ഓരോ തവണത്തെ ഖിയാമുൽ-ലൈൽ(തഹ്ജുദ്) പ്രാർത്ഥനയിലും അല്ലാഹുവിന്റെ മുന്നിൽ വയ്ക്കേണ്ട ദുആ-നമ്മെ ഫലവത്തായ നിലയിൽ പ്രവർത്തിക്കുന്ന ഉത്തമരായ ദായീ-ഇലല്ലാഹ്-കളായി മാറ്റണമേ എന്നായിരിക്കണം. കാരണം ഇത്തരം പ്രാർത്ഥനകളുടെ ഫലമായി നമ്മുടെ സന്ദേശം ലഭിക്കുന്ന ഇതരമതസ്ഥർക്കു പോലും ഇസ്ലാമിന്റെ പ്രകാശം അതിവേഗം ലഭ്യമാകുന്നു. ഇങ്ങനെ നാം ദുആയോടെ ദഅ്വ ചെയ്യുമ്പോൾ അല്ലാഹുവിന്റെ അപാരശക്തിയാലും അനുഗ്രഹത്താലും നമുക്ക് ദായീ-ഇലല്ലാഹ് എന്നനിലയിൽ നമ്മുടെ കർത്തവ്യം നല്ല നിലയിൽ പൂർത്തിയാക്കുവാൻ സാധിക്കും. കാരണം തന്റെ ഭക്തദാസരുടെ അർത്ഥനകളെ, പ്രത്യേകിച്ച് തഹജുദ് നമസ്കാരവേളകളിൽ ചെയ്യുന്നവയെ, അല്ലാഹു സഹതാപപൂർവ്വം ശ്രദ്ധിക്കുകയും, സഫലമാക്കിത്തരുകയും ചെയ്യും എന്നതു തന്നെ.

തങ്ങൾക്ക് ഔദാര്യമായി അല്ലാഹു നല്കിയ അനുഗ്രഹങ്ങൾക്കു കൃതജ്ഞത പ്രകാശിപ്പിക്കുവാനായി അവനെ സ്നേഹിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ജനങ്ങളെ നാം ക്ഷണിക്കുക തന്നെ ചെയ്യണം. നിശ്ചയമായും, അല്ലാഹു സ്രഷ്ടാവും, പരിപാലകനും, സംരക്ഷകനും ആകുന്നു. എല്ലാം അവനിൽ നിന്നും വരും. നമ്മുടെ സ്നേഹം അവനു മാത്രം അർഹതപ്പെട്ടതാകുന്നു. ഇതര മതസ്ഥരെ അല്ലാഹുവിനെ സ്നേഹിക്കുന്നതിനായി ക്ഷണിക്കുക തന്നെ ചെയ്യണം. കാരണം അപ്പോൾ അല്ലാഹു അവരെ സ്നേഹിക്കും. സത്യാന്വേഷണ യത്നത്തിൽ ആത്മാർത്ഥതയോടെയും, യുക്തിപൂർവ്വവുമായി ഇടപെടുന്നതു വഴിയാണ് അവർ അല്ലാഹുവിനോടുള്ള സ്നേഹം പ്രകടമാക്കേണ്ടത്. അങ്ങനെയൊരു ശൈലി അവർ അവലംബിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹുവിൽ നിന്നുള്ള സത്യമായ മതമാണ് ഇസ്ലാം എന്നവർ അനതിവിദൂര വേളയിൽ തന്നെ തിരിച്ചറിയുന്നതാണ്. ഇസ്ലാമിക സത്യങ്ങൾ തിരിച്ചറിയുന്നതിനായി അല്ലാഹു അവരുടെ ഹൃദയങ്ങളെ വിശാലമാക്കി തീർക്കുന്നതാണ്. ഞാൻ ഈ വേളയിൽ നിങ്ങളോടു പറഞ്ഞു തരുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കുവാൻ നിങ്ങൾക്കു കഴിയുമാറാകട്ടെ. ദഅ്വയുമായി ബന്ധപ്പെട്ട എന്റെ അടുത്ത ഖുതുബ നിർവ്വഹിക്കുവാൻ (ഇൻശാ അല്ലാഹ്) അല്ലാഹു എനിക്കവസരം ഒരുക്കിത്തരുമാറാകട്ടെ. ആമീൻ സുമ്മ ആമീൻ.

ഖുത്തുബ അവസാനിപ്പിക്കുന്നതിനു മുമ്പായി എല്ലാ അംഗങ്ങളെയും ഞാനൊരു കാര്യം കൂടി അറിയിക്കുവാനാഗ്രഹിക്കുന്നു. ഇന്നലെ (February 16,2012) എനിക്ക് മുബാഹല സ്വീകരിച്ചു കൊണ്ടുള്ള ഒരു ഇ-മെയിലും(2012 Feb:15 തീയതി വെച്ചത്) തീയതി രേഖപ്പെടുത്താത്തതും ഒപ്പുവച്ചതുമായ മുബാഹല(62 പേജ്)വെല്ലുവിളിയുടെ ഒരു ഡോക്യുമെന്റും ലഭിക്കുകയുണ്ടായി. ഈ ഡോക്യുമെന്റിൽ ജർമ്മനിയിലെ (കീൽ നിന്നുള്ള) അബദുൽ ഗഫാർ ജൻബാഹ്-യും U.K യിലെ മൻസൂർ അഹ് മദ് സാഹിബുമാണ് ഒപ്പുവച്ചിരിക്കുന്നത്. നമ്മുടെ സഹോദരനായ മുകർറം ഫസിൽ ജമാൽ സാഹിബിന്റെ ഒപ്പോടുകൂടി അത് നമ്മുടെ വെബ് സൈറ്റിൽ ഔദ്യേഗികമായി പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പായി അബ്ദുൽ ഗഫാർ ജൻബാഹ് ദൈവത്തിന്റെ സിംഹം എന്ന പേരിൽ ഉറുദുവിൽ തയാറാക്കിയ ലേഖനത്തിന്റെ ഒരു

ഇംഗ്ലീഷ് പരിഭാഷയ്ക്കായി കാത്തിരിക്കുകയാണ്.കാരണം. ഇംഗ്ലീഷിലാവുമ്പോൾ സർവ്വലോകർക്കും, അതിലെന്താണ് പറഞ്ഞിരിക്കുന്നത് എന്ന് സംശയലേശമന്യേ മനസ്സിലാക്കാൻ സാധിക്കും. ഹസ്രത്ത് മുസ്ലിഹ് മൗഊദ് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന്റെ സത്യതയുടെ സാക്ഷ്യപ്പെടുത്തൽ ആയിട്ടാണ് മുബാഹല വെല്ലുവിളി ആദ്യമുയർത്തപ്പെട്ടത്. ഇക്കാര്യത്തിൽ ജൻബാഹ് സാഹിബിന്റെ നിലപാട് വളരെ വ്യക്തമാണ്. പക്ഷേ ഞാനിവിടെ വ്യക്തമാക്കാനാഗ്രഹിക്കുന്ന വസ്തുത ''മുസ്ലിഹ് മൗഊദ് രണ്ടാമൻ'' എന്ന നിലക്ക് ജൻബാഹ് സാഹിബ് എന്നെ ഉദ്ധരിക്കുന്നതുമായി ബന്ധപ്പെട്ടതാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ഹസ്രത്ത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)നെ മുസ്ലിഹ് മൗഊദ് ഒന്നാമൻ ആകുന്നു. തീർച്ചയായും ഞാൻ ഒരു ''മുസ്ലിഹ് മൗഊദ്''ആണ്. ജൻബാഹ് സാഹിബ് കരുതും പോലെയുള്ള മുസ്ലിഹ് മൗഊദ് രണ്ടാമൻ അല്ല ഞാൻ. എന്തെന്നാൽ ഹസ്രത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ വാഗ്ദത്തം ചെയ്യപ്പെട്ട പരിഷ്കർത്താവും, വാഗ്ദത്ത മസീഹിന്റെ പരമ്പരയിൽപ്പെട്ട ആളുമാണ്. മറ്റു മുസ്ലിഹ് മൗഊദ്മാർ ഇനിയും വരും.കാരണം ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. വാഗ്ദത്തമസീഹായ ഹസ്രത്ത് മിർസാ ഗുലാം അഹ്മദ് (അ) പ്രവചനം ചെയ്ത മുസ്ലിഹ് മൗഊദ് ആണ് ഹസ്രത്ത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) എന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

മുബാഹല വെല്ലുവിളി സ്വീകരിച്ചു കൊണ്ട് ഒപ്പുവെച്ച ജൻബാ സാഹിബും, മൻസൂർ അഹ്മദ് സാഹിബും അവരുടെ ജമാഅത്തും മൂന്നു കാര്യങ്ങൾ കൃത്യമായി ചെയ്തിട്ടില്ല. 1.അവരുടെ ജമാഅത്തായ ജമാഅത്ത് അഹ്മ്മദിയ ഇസ്ലാഹ് പസന്ത്–ന്റെ ഔദ്യോഗിക സീൽ ചെയ്തിട്ടില്ല, മറിച്ച് അവരുടെ ഇമാമിന്റെ ഔദ്യോഗിക സീൽ മാത്രമാണ് വെച്ചിട്ടുള്ളത്. 2. മുബാഹല ഡോക്യുമെന്റിൽ ഒപ്പുവെച്ചെങ്കിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. 3. ഡോക്യുമെന്റിൽ ആവശ്യപ്പെട്ടിരുന്ന പോലെ എന്റെ പേര് രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും സുവ്യക്തമായി പ്രഖ്യാപിക്കുന്നത് ഹസ്രത്ത് മിർസാ ബഷീറുദ്ദീൻ മഹ്മൂദ് അഹ് മദ് താൻ മുസ്ലിഹ് മൗഊദ് ആണെന്നും ഈ വിനീതൻ മുസ്ലിഹ് മൗഊദും, മുഹ്യിദ്ദീൻ, ഖലീഫത്തുല്ലാഹ് എന്നിവയാണെന്നും ഉള്ള ഞങ്ങളുടെ വാദങ്ങളിൽ കള്ളവാദികളാണെന്നും ആണ്.

2011 ജനുവരി 21 വെള്ളിയാഴ്ച ഖുതുബയിൽ ഞാൻ, ജൻബാഹ് സാഹിബ് നിരത്തിയിരുന്ന വാദങ്ങൾ വിശദമായി സൂചിപ്പിച്ചിരുന്നത് നോക്കുക.

രണ്ടു ജമാഅത്തുകളും മുബാഹല വെല്ലുവിളി അംഗീകരിച്ചതോടെ ഒരു പുതിയ അധ്യായത്തിന്റെ പേജുകൾ തുറക്കപ്പെട്ടിരിക്കുകയാണ്. അല്ലാഹുവിന്റെ ഈ പരമോന്നത കോടതിയിൽ അവനാണ് ന്യായാധിപനായി നിലകൊള്ളുന്നത്. ഈ മുബാഹല സ്വീകരിക്കുന്നതിൽ അവർ തങ്ങളുടെ സേച്ഛയെ പിന്തുടരുകയായിരുന്നു എന്നും, ഈ വിനീതനാൽ ലോകസമക്ഷം വച്ച മുബഹലയുടെ പരിണിത ഫലത്തെപ്പറ്റി സർവ്വരുടെയും, ശ്രദ്ധ തങ്ങളിൽ പതിച്ചു കൊണ്ടിരിക്കുന്നതിനാൽ അവർക്ക് ഇത് സ്വീകരിക്കുകയല്ലാതെ മറ്റു വഴിയുണ്ടായിരുന്നില്ല എന്നും മരണത്തെപ്പറ്റി അവർ ഭയം കൊള്ളുന്നവരാണെന്നും ഇനിയുമനേകവർഷം ജീവിച്ചിരിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് അവർ എന്നും അല്ലാഹു എനിക്ക് ദർശനങ്ങളിലൂടെ വ്യക്തമാക്കി തന്നിരിക്കുന്നു. ഇനിയെല്ലാം അല്ലാഹുവിന്റെ കരങ്ങളിലാണ്. അല്ലാഹു എന്നോട് വ്യക്തമായി പറഞ്ഞിരിക്കുന്നു.

ഭയപ്പെടരുത് ഈ കാര്യത്തിൽ നിനക്ക് മേൽക്കൈ ആണുള്ളത്. ഭയപ്പെടരുത് ഞാൻ എല്ലാം കണ്ടു കൊണ്ടും കേട്ടു കൊണ്ടും നിന്നോടോപ്പമുണ്ട്. എനിക്കു വേണ്ടി ഞാനാണ് നിന്നെ തെരഞ്ഞെടുത്തത്. ഈ ഭൗതിക ലോകജീവിതത്താൽ ഭ്രമിച്ചു കൊണ്ട്, മറ്റുള്ളവരെ നേർമാർഗ്ഗത്തിൽ നിന്നും തടഞ്ഞ് വളഞ്ഞവഴിയുപദേശിക്കുന്ന അത്തരം ആൾക്കാർ തങ്ങളുടെ തെറ്റായ മാർഗത്തിൽ തന്നെ നിലകൊള്ളുന്നവരത്രേ. ആ മാർഗ്ഗത്തിൽ തന്നെ ചരിച്ചു  കൊണ്ടിരിക്കുമ്പോൾ തങ്ങൾ നേർമാർഗത്തിലാണെന്നും, വിജയത്തിലേക്കാണ് തങ്ങളുടെ പോക്കെന്നും അവർ വിചാരിച്ചു കൊണ്ടേയിരിക്കുന്നു. ഈ കുതന്ത്രശാലികളുടെ തന്ത്രങ്ങളെക്കെയും വ്യർത്ഥമാവുകയേ ഉള്ളൂ. ഞാൻ നിർത്തുകയാണ്. സർവ്വശക്തനും പരിപൂർണ്ണനായുള്ളവനും, നിലനിർത്തുന്നവനും പൂർണ്ണനായ നീതിമാനുമായ അല്ലാഹുവിനാകുന്നു സർവ്വസ്തുതിയും. അവന്റെ ചക്രവാളം അതിവിശാലമാകുന്നു. താനുദ്ദേശിക്കുന്നവർക്ക് അറിവും പദവിയും നല്കുകയും, താനുദ്ദേശിക്കുന്നവരിൽ നിന്ന് അറിവും പദവിയും എടുത്തു കളയുകയും ചെയ്യുന്നവനത്രെ അവൻ. പ്രപഞ്ചനാഥനായ അല്ലാഹുവേ, നിനക്കാണ് നിനക്കു മാത്രമാണ് സർവ്വസ്തുതിയും,ആമീൻ.

*Translated by: Fauzia Jamal*      *Issued by: R. Jamaludin Raother, Amir*

*Jamaat Ul Sahih Al Islam Kerala*

*Email: jamal.raother@gmail.com*

*Website: http://www.jamaat-ul-sahih-al-islam.com*